# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1038

30.10.2019-ലെ മറുപടി

### ഇടക്കൊച്ചി കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകപ്പുമന്ത്രി) | |
| (എ) | ടെണ്ടർ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഇടക്കൊച്ചി കടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭ്രതല ജല സംഭരണിയുടെയും പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭ്രതല ജല സംഭരണിയുടെ നിർമ്മാണത്തിനായി 27.10.2018-ൽ ഇ-ദർഘാസ് ക്ഷണിച്ചു. പ്രസ്തുത പ്രവൃത്തിയ്ക്ക് 27.05.2019-ൽ കരാർ ഉടമ്പടി വെച്ചിട്ടുള്ളതും ടി സ്ഥലത്ത് നിർമ്മാണത്തിന് തടസ്സമായി സംഭരിച്ചിരുന്ന 500 എം.എം വ്യാസമുള്ള ഡി.ഐ പൈപ്പുകൾ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് 04.10.2019-ൽ മാറ്റിയിട്ടുള്ളതുമാകുന്നു.<br>അമൃത് പദ്ധതിയിൽ SAAP 17-18 -ൽ ഉൾപ്പെടുത്തിയ പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ ഉടമ്പടി 19.01.19-ന് കരാറുകാരിയുമായി ഒപ്പ് വച്ചു. എന്നാൽ കരാറുകാരിയുടെ ഭാഗത്ത് നിന്നും പണി തുടങ്ങുന്നതിന് കാലതാമസമുണ്ടായതിനാൽ ജല അതോറിറ്റി നിരവധി തവണ പണി തുടങ്ങണമെന്ന് കാണിച്ച് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതാണ്. പണി തുടങ്ങാത്ത പക്ഷം കരാറുകാരിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുമെന്ന അന്തിമ നോട്ടീസ് നൽകിയതിന്റെ (26.07.2019- ലും 19.09.19-ലും) അടിസ്ഥാനത്തിൽ പ്രാഥമികമായ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി തുക അനുവദിച്ചത് എന്നാണെന്നും പ്രസ്തുത തുക എത്രയാണെന്നും ഏതെല്ലാം പദ്ധതികളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | 15 ലക്ഷം ലിറ്റർ ഭ്രതല സംഭരണിയുടെ പ്രവൃത്തിക്ക് LAC ADF -ൽ ഉൾപ്പെടുത്തി GO(Rt)No. 205/2016/WRD dated, 29.02.2016 പ്രകാരം 278 ലക്ഷം രൂപയുടെയും ഉത്തരവ് നം. RD5 1025/17(9) തീയതി 24.02.2018 പ്രകാരം ധനകാര്യ വകുപ്പിന്റെ 68 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിക്കുകയുണ്ടായി. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | തല ജലസംഭരണിക്ക് അമൃത് 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി GO(Rt)No.3530/2017/LSGD dated, 02.11.2017 ഉത്തരവ് പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ എത്ര തുകയ്ക്കാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ആരൊക്കെയാണ് കരാറുകാരെന്നും വ്യക്തമാക്കാമോ; | (സി) | ഉന്നതതല സംഭരണി 4,07,15,698/- രൂപയ്ക്ക് (നാലു കോടി ഏഴ് ലക്ഷത്തി പതിനയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ശ്രീമതി.രമണി.എസ്. നായർ, മഞ്ചേരിഹൗസ്, കുവപ്പടി.പി.ഒ, പെരുമ്പാവൂർ എന്ന കരാറുകാരിയും . 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ പ്രവൃത്തിക്ക് ശ്രീ.അനിൽ കുമാർ.എൻ, ശ്രീരാധ ഹൗസ്, BNRA, 68B, ജവഹർ നഗർ, കവടിയാർ.പി.ഒ, തിരുവനന്തപുരം എന്ന കരാറുകാരൻ 3,16,95,103/-രൂപയ്ക്കും (മൂന്നു കോടി പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഒരുനൂറ്റി മൂന്നു രൂപ മാത്രം) കരാർ ഉടമ്പടി വച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്ന തെന്നും പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ ഉടമ്പടി തീയതിയായ 27.05.2019 മുതൽ പത്ത് മാസത്തിനകം പണി പൂർത്തീകരിക്കേണ്ടതാണ്. പൈലുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ഒക്ടോബർ അവസാന വാരത്തിൽ നടക്കുന്നതാണ്. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത തല ജലസംഭരണിയുടെ കരാർ 30.12.2019-ൽ അവസാനിക്കും. ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**